# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2366 12-06-2018-ലെ മറുപടിക്ക്

**ചോദ്യം**
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**ഉത്തരം**
ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യം**

| | | |
|---|---|---|
| (എ) | ട്രഷറികളിൽ ചെക്കും മറ്റ് ബില്ലുകളും സമർപ്പിക്കുമ്പോൾ സർക്കാർ നിയന്ത്രണം ഇല്ലാതെ ട്രഷറി ഉദ്യോഗസ്ഥർ ബിൽ മടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | സർക്കാർ പുറപ്പെടുവിക്കുന്ന ട്രഷറി നിയന്ത്രണ നിർദ്ദേശങ്ങൾക്കനുസരണമായിട്ടാണ് ട്രഷറി ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. ഇതിനു വിരുദ്ധമായി ട്രഷറി ഉദ്യോഗസ്ഥർ ബില്ലുകൾ മടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ അനൗദ്യോഗിക നിയന്ത്രണം ഏർപ്പെടുത്തുവാൻ ട്രഷറി ഉദ്യോഗസ്ഥർക്ക് ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇക്കാര്യം സർക്കാർ പരിശോധിക്കുമോ; അനൗദ്യോഗിക ട്രഷറി നിയന്ത്രണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ വ്യക്തമായ അഭിപ്രായം ലഭ്യമാക്കുമോ; | ട്രഷറി ഇടപാടുകൾക്ക് അനൗദ്യോഗിക നിയന്ത്രണം ഏർപ്പെടുത്തുവാൻ ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടില്ല. ട്രഷറി ഇടപാടുകളിലെ ക്രമീകരണവുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ ധനവകുപ്പ് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകാറുണ്ട്. ഇത്തരത്തിലല്ലാതെ അനൗദ്യോഗിക ട്രഷറി നിയന്ത്രണങ്ങളൊന്നും തന്നെ ധനവകുപ്പ് പുറപ്പെടുവിക്കാറില്ല. |
| (സി) | മുൻ മന്ത്രിമാരുടെ സ്റ്റാഫുകളുടെ പെൻഷൻ സംബന്ധിച്ച് അവ്യക്തതയുണ്ടെന്ന കാരണത്താൽ സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും ഏതെങ്കിലും ട്രഷറി ഓഫീസർ കത്തെഴുതിയിട്ടുണ്ടോ ; | ഉണ്ട്. |
| (ഡി) | ഏതെല്ലാം ട്രഷറികളിൽ മുൻ മന്ത്രിമാരുടെ സ്റ്റാഫിന്റെ പെൻഷനും കമ്മ്യൂട്ടേഷനും തടഞ്ഞുവച്ചിട്ടുണ്ടെന്ന് ട്രഷറി തിരിച്ച് വ്യക്തമാക്കുമോ; | ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിലും, താമരശ്ശേരി ജില്ലാ ട്രഷറിയുടെ കീഴിലുള്ള കൊടുവള്ളി സബ്ട്രഷറിയിലും മുൻ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുള്ള പെൻഷനിലെ ചില വിവരങ്ങളിൽ വ്യക്തത ആവശ്യമായതിനാൽ പെൻഷൻ നൽകാൻ കഴിഞ്ഞിരുന്നില്ല. ആയതിന് സ്പഷ്ടീകരണം ലഭിച്ച മുറയ്ക്ക് പിന്നീട് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | മുൻമന്ത്രിമാരുടെ സ്റ്റാഫിന്റെ പെൻഷൻ സംബന്ധിച്ച് ഏതെങ്കിലും ട്രഷറി ഓഫീസർ ട്രഷറി ഡയറക്ടറോട് രേഖാമൂലമോ അല്ലാതെയോ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ട്രഷറി ഡയറക്ടർ നൽകിയ നിർദ്ദേശം വ്യക്തമാക്കുമോ; | ഉണ്ട്. ഇക്കാര്യത്തിൽ ട്രഷറി ഡയറക്ടർ സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടുകയും സർക്കാർ നിർദ്ദേശം ട്രഷറി ഓഫീസർക്ക് നൽകുകയും അതിന്മേൽ തുടർനടപടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (എഫ്) | മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യം കാരണമില്ലാതെ തടഞ്ഞുവെച്ച ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ? | മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യം കാരണമില്ലാതെ തടഞ്ഞ് വച്ചിട്ടില്ല. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ട്രഷറി ഓഫീസർമാർക്ക് വ്യക്തത ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ട്രഷറി ഡയറക്ടർ മുഖാന്തിരം സർക്കാരിൽ നിന്നോ അക്കൗണ്ടന്റ് ജനറലിൽ നിന്നോ സ്പഷ്ടീകരണം തേടുന്നത് സാധാരണ നടപടിക്രമം മാത്രമാണ്. അകാരണമായി പെൻഷൻ തടഞ്ഞു വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ